LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, 50 ശതമാനം മെരിറ്റടിസ്ഥാനത്തിൽ സ്വകാര്യ സ്വാശ്രയകോളേജുകളിൽ കുട്ടികളെ നിശ്ചയിക്കുന്ന സന്ദർഭത്തിൽ സർക്കാർ കോളേജുകളിലുള്ള ഫീസിന് ആനുപാതികമായി അതേ രീതിയിലുള്ള ഒരു ഏകീകൃതമായ ഫീസ് നിശ്ചയിക്കുമെന്ന് ഗവൺമെന്റ് ഇതിനുമുമ്പ് പ്രസ്താവിച്ചിട്ടുണ്ട്. ആ കാര്യത്തിൽ സർക്കാർ കോളേജുകളിലുള്ള കുട്ടികളുടെ ഫീസും 50 ശതമാനം മെരിറ്റിൽ പ്രവേശിപ്പിക്കുന്ന കുട്ടികളുടെ ഫീസും ഒരേ രീതിയിൽ ആക്കുന്നതിന് ഗവൺമെന്റിന് നിർദ്ദേശം നൽകാൻ കഴിയുമോ?

ശ്രീ. ടി. എം. ജേക്കബ് : സർ, സ്വാശ്രയ കോളേജുകളിൽ എല്ലാ സീറ്റിലേയ്ക്കുമുള്ള ഫീസും ഒരേ നിരക്കിൽ ആക്കുക സാധ്യമല്ല. മെരിറ്റിൽ വരുന്ന കുട്ടികളെ സംബന്ധിച്ചിടത്തോളം ഇപ്പോൾ തർക്കം ഉയർന്നു വന്നിട്ടുണ്ട്. അതു കുട്ടികൾക്ക് താങ്ങാനാവുന്ന വിധത്തിൽ ഗവൺമെന്റ് നിശ്ചയിക്കുന്ന നിലയിലേയ്ക്ക് കൊണ്ടുവരണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ആഗ്രഹം. അതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു വരികയാണ്. അതിനുള്ള കുറെ ചർച്ചകൾ നടന്നു കഴിഞ്ഞു. എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജുമെന്റുകളുമായി വിദ്യാഭ്യാസ വകുപ്പുമന്ത്രി ചർച്ച നടത്തി. അതുപോലെ മെഡിക്കൽ കോളേജുകളിലെ മാനേജ്മെന്റുകളുമായും ചർച്ച നടത്തി. ചില മാനേജ്മെന്റുകൾ യോജിപ്പും ചിലർ വിയോജിപ്പും പ്രകടിപ്പിച്ചിട്ടുണ്ട്. ഒരു സമന്വയം ഉണ്ടാക്കാനുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തിയിട്ടുള്ളത്. ഗവൺമെന്റ് കൺഫ്രണ്ടേഷൻ ആഗ്രഹിക്കുന്നില്ല. പക്ഷേ ഗവൺമെന്റ് പോളിസി വയലേറ്റു ചെയ്യാൻ ആരെങ്കിലും തീരുമാനിച്ചാൽ ഗവൺമെന്റിനെക്കൊണ്ടു സ്വീകരിക്കാവുന്ന എല്ലാ നടപടികളും സ്വീകരിക്കും. അതാണ് ഗവൺമെന്റിന്റെ സമീപനം.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ടേൺകീ ബേസിസ് ടെൻഡർ വിളിക്കുന്ന നടപടി

4 (*735) ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ടേൺകീ ബേസിസ് ടെൻഡർ വിളിക്കുന്ന നടപടി നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ടേൺകീ ബേസിസ് ടെൻഡറിന്റെ പ്രത്യേകതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം ജോലികൾക്ക് ടേൺകീ ബേസിസ് ടെൻഡർ ഇതിനകം വിളിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇൻവസ്റ്റിഗേഷൻ, ഡിസൈൻ, കൺസ്ട്രക്ഷൻ ജോലികൾ എല്ലാം കോൺട്രാക്ടറെ ഏല്പിക്കുന്ന നടപടി പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെ എപ്രകാരം ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ നടപടി സ്വകാര്യവൽക്കരണം ലക്ഷ്യമാക്കിയാണെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിലപാട് വെളിപ്പെടുത്തുമോ ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ-സി) ടേൺകീ ബേസിസ് ടെൻഡർ എന്ന ഒരു നടപടിക്രമം പൊതുമരാമത്തുവകുപ്പിൽ നിലവിലില്ല.

(ഡി-എഫ്) ഇത്തരം ജോലികൾ പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിലാണ് നിർവ്വഹിച്ചു വരുന്നത്.

എഞ്ചിനീയറിംഗ് കോളേജുകൾക്ക് ലോക ബാങ്കിന്റെ സാമ്പത്തിക സഹായം

5 (*736) ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേർഡ് ബാങ്കിൽ നിന്ന് എന്തെങ്കിലും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ :

(ബി) എങ്കിൽ കേരളത്തിലെ ഏതെല്ലാം എഞ്ചിനീയറിംഗ് കോളേജുകൾക്കാണ് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ളത് :

(സി) കോളേജുകൾ തെരഞ്ഞെടുക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ലോകബാങ്കിൽ നിന്ന് സാമ്പത്തിക വായ്പാ സഹായം ലഭ്യമാക്കിക്കൊണ്ട് സംസ്ഥാനത്തെ ഏതാനും എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതിയ്ക്ക് ലോകബാങ്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം, ഐ.എച്ച്. ആർ. ഡി. യുടെ മോഡൽ എഞ്ചിനീയറിംഗ് കോളേജ്, കൊച്ചി ചെങ്ങന്നൂർ എഞ്ചിനീയറിംഗ് കോളേജ് എൽ. ബി. എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്,

LIBRARY ARCHIVES Kerala Legislative Assembly